**മധുരമായ കുട്ടികളേ, ഇപ്പോൾ ബാബക്കു സമാനം ദേഹി-അഭിമാനിയാകണം, ബാബയുടെ ആഗ്രഹമാണ് കുട്ടികൾ എനിക്കു സമാനമായി എന്റെ കൂടെ വീട്ടിലേക്ക് പോകണം.**

**ചോദ്യം –** നിങ്ങൾ കുട്ടികൾ ഏതൊരു കാര്യത്തിന്റെ അത്ഭുതം കണ്ടിട്ടാണ് ബാബയ്ക്ക് നന്ദി പറയുന്നത്?
**ഉത്തരം –** ബാബ തന്റെ കടമകളും ഉത്തരവാദിത്വങ്ങളും എങ്ങനെയാണ് നിറവേറ്റുന്നത്. തന്റെ കുട്ടികൾക്ക് രാജയോഗം പഠിപ്പിച്ച് കൊടുത്ത് യോഗ്യരാക്കുകയാണ്. നിങ്ങൾ ഉള്ളിന്റെ ഉള്ളിൽ ഇങ്ങനെയുള്ള മധുരമായ ബാബക്ക് നന്ദി പറയുകയാണ്. ബാബ പറയുകയാണ് ഈ നന്ദി എന്ന ശബ്ദവും ഭക്തി മാർഗ്ഗത്തിലേതാണ്. കുട്ടികൾക്ക് അധികാരമുണ്ട്, ഇതിൽ എന്താണ് നന്ദിയുടെ കാര്യം. ഡ്രാമയനുസരിച്ച് ബാബക്ക് സമ്പത്ത് നൽകുക തന്നെ വേണം.

**ഗീതം –** ആരുടെ സഹായിയാണോ ഭഗവാൻ..........

**ഓം ശാന്തി**. ഇത് കുട്ടികൾക്കുള്ള ഗീതമാണ്. സർവ്വശക്തിവാനായ പരംപിതാ പരമാത്മാവ് ആരുടെ സഹായി ആണോ, അവരെ മായയുടെ കൊടുങ്കാറ്റിന് എന്തു ചെയ്യാൻ കഴിയും. ആ കൊടുങ്കാറ്റല്ല, മായയുടെ കൊടുങ്കാറ്റ് ആത്മാവാകുന്ന ജ്യോതിയെ അണയ്ക്കും. ഇപ്പോൾ തെളിയിച്ച് തരുന്ന കൂട്ടുകാരനെ ലഭിച്ചിരിക്കുകയാണ്, അപ്പോൾ മായക്ക് എന്തു ചെയ്യാൻ കഴിയും. പേര് പോലും മായയാകുന്ന രാവണനു മേൽ വിജയം നേടുന്ന മഹാവീരൻ എന്നല്ലേ നൽകിയിരിക്കുന്നത്. എങ്ങനെ വിജയം നേടണം? നിങ്ങൾ കുട്ടികൾ അടുത്തിരിക്കുകയാണ്. ബാപ്ദാദയും കൂടെയുണ്ട്. മുത്തച്ഛനേയും അച്ഛനേയും പിതാവെന്നും പിതാമഹനെന്നുമാണ് പറയുക. അപ്പോൾ ബാപ്ദാദയായില്ലേ. കുട്ടികൾക്ക് അറിയാം ആത്മീയ അച്ഛനാണ് നമ്മുടെ സമീപത്ത് ഇരിക്കുന്നത്. ആത്മീയ അച്ഛൻ ആത്മാക്കളോടാണ് സംസാരിക്കുന്നത്. ആത്മാവ് അവയവങ്ങളിലൂടെ കേൾക്കുകയാണ്, സംസാരിക്കുകയാണ്. നിങ്ങൾ കുട്ടികൾക്ക് ദേഹാഭിമാനിയായി കഴിയുന്ന ശീലം വന്നിരിക്കുകയാണ്. മുഴുവൻ കല്പത്തിലും ദേഹാഭിമാനത്തിലായിരുന്നല്ലോ. ഒരു ശരീരം ഉപേക്ഷിച്ച് അടുത്തത് എടുക്കും. ശരീരത്തിനാണ് പേരിട്ട് കൊടുക്കാറുള്ളത്, ചിലർ പറയും ഞാൻ പരമാനന്ദനാണ്, ചിലരുടെ പേര് എന്തൊക്കെ....വിധത്തിലാണ്. ബാബ പറയുകയാണ് ഞാൻ സദാ ദേഹി-അഭിമാനിയാണ്. എനിക്ക് ഒരിക്കലും ദേഹം ലഭിക്കുന്നില്ല അതിനാൽ ഒരിക്കലും ദേഹാഭിമാനം വരില്ല. ഈ ശരീരം ഈ ദാദയുടേതാണല്ലോ. ഞാൻ സദാ ദേഹിഅഭിമാനിയാണ്. നിങ്ങൾ കുട്ടികളേയും തനിക്കു സമാനമാക്കി മാറ്റാൻ ആഗ്രഹിക്കുകയാണ് എന്തുകൊണ്ടെന്നാൽ ഇപ്പോൾ നിങ്ങൾക്ക് എന്റെ അടുത്തേക്ക് വരണം. ദേഹാഭിമാനത്തെ ഉപേക്ഷിക്കണം. സമയമെടുക്കും. വളരെ കാലമായി ദേഹാഭിമാനത്തിൽ കഴിഞ്ഞിട്ടുള്ള ശീലമാണ് ഉള്ളത്. ഇപ്പോൾ ബാബ പറയുകയാണ് ഈ ശരീരത്തെ ഉപേക്ഷിച്ചോളൂ, എനിക്കു സമാനമാകണം എന്തുകൊണ്ടെന്നാൽ നിങ്ങൾക്ക് എന്റെ അതിഥി ആകണം. എന്റെ അടുത്തേക്ക് വരണം, അതുകൊണ്ടാണ് ആദ്യം സ്വയത്തെ ആത്മാവാണെന്ന നിശ്ചയം ചെയ്യൂ എന്ന് പറഞ്ഞത്. ഇത് ഞാൻ ആത്മാക്കളോടാണ് സംസാരിക്കുന്നത്. നിങ്ങൾ ബാബയെ ഓർമ്മിക്കൂ എങ്കിൽ അതുപോലെയുള്ള ദൃഷ്ടിയെല്ലാം മാറും. ഇതിൽ പരിശ്രമം ഉണ്ട്. നമ്മൾ ആത്മാക്കളുടെ സേവനമാണ് ചെയ്യുന്നത്. അവയവങ്ങളിലൂടെ കേൾക്കുന്നതും ആത്മാവാണ്, ഞാൻ ആത്മാവ് നിങ്ങൾക്ക് ബാബയുടെ സന്ദേശം നൽകിക്കൊണ്ടിരിക്കുകയാണ്. ആത്മാവ് ഒരിക്കലും സ്വയത്തെ പുരുഷനാണെന്നോ സ്ത്രീയാണെന്നോ പറയില്ല. സ്ത്രീ പുരുഷൻ എന്ന് ശരീരത്തെയാണ് പറയാറുള്ളത്. ബാബ തന്നെയാണ് പരമാത്മാവ്. ബാബ പറയുകയാണ് അല്ലയോ ആത്മാക്കളേ കേൾക്കുന്നുണ്ടോ? കേൾക്കുന്നുണ്ട് എന്നാണ് ആത്മാവ് പറയുന്നത്. നിങ്ങൾക്ക് തന്റെ അച്ഛനെ അറിയാം, ബാബ സർവ്വ ആത്മാക്കളുടേയും അച്ഛനാണ്. ഏതുപോലെ നിങ്ങൾ ആത്മാവാണോ അതുപോലെ ഞാൻ നിങ്ങളുടെ അച്ഛനാണ്, പരംപിതാ പരമാത്മാവ് എന്നാണ് പറയുന്നത്, ബാബയ്ക്ക് തന്റേതായ ശരീരമില്ല. ബ്രഹ്മാ-വിഷ്ണു-ശങ്കരന് പോലും തന്റെ ആകാരി ശരീരമുണ്ട്. ആത്മാവിനെ ആത്മാവ് എന്നാണല്ലോ പറയുക. എന്നാൽ എന്റെ നാമം ശിവൻ എന്നാണ്. ശരീരത്തിനാണല്ലോ ധാരാളം പേരെല്ലാം നൽകുന്നത്. ഞാൻ ശരീരം ധാരണ ചെയ്യുന്നില്ല, അതിനാൽ എനിക്ക് ശരീരത്തിന്റേതായ നാമമൊന്നും ഇല്ല. നിങ്ങൾ സാളിഗ്രാമുകളാണ്. നിങ്ങൾ ആത്മാക്കളോട് പറയുകയാണ് അല്ലയോ ആത്മാക്കളേ കേൾക്കുന്നുണ്ടോ. ഇത് നിങ്ങൾക്ക് ഇപ്പോൾ അഭ്യാസം ചെയ്യണം, ദേഹിഅഭിമാനിയായി കഴിയാനുള്ള അഭ്യാസം വേണം. ആത്മാവ് ഈ അവയവങ്ങളിലൂടെയാണ് കേൾക്കുന്നതും സംസാരിക്കുന്നതും, ബാബയിരുന്ന് ആത്മാക്കൾക്ക് മനസ്സിലാക്കി തരുകയാണ്. ആത്മാവ് ബുദ്ധിശൂന്യനായി മാറിയിരിക്കുകയാണ് എന്തുകൊണ്ടെന്നാൽ ബാബയെ മറന്നു പോയിരിക്കുകയാണ്. അല്ലാതെ

ശിവനും പരമാത്മാവാണ്, കൃഷ്ണനും പരമാത്മാവാണ് എന്നല്ല. അവർ പറയുന്നത് കല്ലിലും മുള്ളിലും എല്ലാത്തിലും പരമാത്മാവാണ്. മുഴുവൻ സൃഷ്ടിയിലും തലകീഴായ ജ്ഞാനം നിറഞ്ഞിരിക്കുകയാണ്. ഞങ്ങൾ ഭഗവാന്റെ കുട്ടികളാണ് എന്ന് മനസ്സിലാക്കുന്നവരും ഉണ്ട്. പക്ഷെ കൂടുതൽ പേരും സർവ്വവ്യാപി ആണെന്ന് പറയുന്നവരാണ്. ഈ അഴുക്കിൽ നിന്നും എല്ലാവരേയും മുക്തമാക്കണം. മുഴുവൻ ലോകവും ഒരു ഭാഗത്ത് നിൽക്കും, മറു ഭാഗത്ത് ബാബയും ഉണ്ടാകും. ബാബയുടെ മഹിമ പാടപ്പെട്ടിട്ടുണ്ടല്ലോ. അഹോ പ്രഭൂ അങ്ങയുടെ ലീല.........അതെ ബാബയുടെ നിർദേശത്തിലൂടെ ഗതി അഥവാ സദ്ഗതി ലഭിക്കുകയാണ്. സദ്ഗതി ദാതാവ് ഒരാളാണ്. മനുഷ്യർ ഗതി സദ്ഗതിക്കു വേണ്ടി എത്രയാണ് തലയിട്ടടിക്കുന്നത്. മുക്തിയും ജീവന്മുക്തിയും നൽകുന്ന സദ്ഗുരു ഒരാളാണ്.

ബാബ പറയുകയാണ് സാധു സന്യാസിമാർക്കെല്ലാം സദ്ഗതി നൽകാൻ എനിക്കു തന്നെ വരേണ്ടി വരുന്നു. സർവ്വർക്കും സദ്ഗതി നൽകുന്നത് ഒരു ബാബയാണ്. ആത്മാക്കളോടാണ് സംസാരിക്കുന്നത്. ഞാൻ നിങ്ങളുടെ അച്ഛനാണ് അതോടൊപ്പം നിങ്ങൾ എല്ലാ ആത്മാക്കളും എന്റെ സന്താനങ്ങളാണ് എന്ന് ആർക്കും പറയാൻ കഴിയില്ല. അവർ ഈശ്വരൻ സർവ്വവ്യാപിയാണ് എന്നാണ് പറയുന്നത്. അപ്പോൾ പിന്നെ ഇങ്ങനെ ഒരിക്കലും പറയില്ല. ഇത് സ്വയം ബാബ പറയുകയാണ് ഞാൻ വന്നിരിക്കുന്നത് ഭക്തർക്ക് ഭക്തിയുടെ ഫലം നൽകുന്നതിനാണ്. പാട്ടുമുണ്ട് – ഭക്തരുടെ സംരക്ഷണം ചെയ്യുന്നത്, പാലന ചെയ്യുന്നത് ഒരു ഭഗവാനാണ്. എല്ലാവരും ഭക്തരാണ്, അപ്പോൾ തീർച്ചയായും ഭഗവാൻ വേറെയാണ്. ഭക്തൻ തന്നെ ഭഗവാനാണെങ്കിൽ പിന്നെ ഭഗവാനെ ഓർമ്മിക്കേണ്ട കാര്യമില്ലല്ലോ. അവരവരുടെ ഭാഷയിൽ പരമാത്മാവിനെ ഓരോരുത്തരും എങ്ങനെയെല്ലാമാണ് വിളിക്കുന്നത്. പക്ഷെ ശിവൻ എന്നതാണ് യഥാർത്ഥമായ നാമം. ആരുടേയെങ്കിലും ഗ്ലാനി ചെയ്താൽ അപമാനിച്ചാൽ അവരുടെ പേരിൽ കേസ് എടുക്കാറുണ്ട്. പക്ഷെ ഇത് ഡ്രാമയാണ്, ഇതിൽ ആരുടെ കാര്യവും നടക്കില്ല. ബാബക്ക് അറിയാം നിങ്ങൾ ദു:ഖികളായി മാറിയിരിക്കുകയാണ്, വീണ്ടും ദു:ഖികളാകും. ഗീതാ ശാസ്ത്രവും വീണ്ടും അത് തന്നെ എഴുതപ്പെടും. പക്ഷെ കേവലം ഗീത വായിക്കുന്നതിലൂടെ ആർക്കും ഒന്നും മനസ്സിലാവുകയില്ല. ഇവിടെ സമർത്ഥരാണ് ആവശ്യം. ശാസ്ത്രം കേൾപ്പിക്കുന്നവർ ആരെ കുറിച്ചാണ് പറഞ്ഞു കൊടുക്കുന്നത് അതായത് അല്ലയോ കുട്ടികളേ നിങ്ങൾ എന്റെ കൂടെ യോഗം വെക്കുകയാണെങ്കിൽ നിങ്ങളുടെ വികർമ്മം വിനാശമാകും എന്ന്, ഇത് അവർക്ക് പറയാൻ കഴിയില്ല. അവർ കേവലം ഗീത വായിച്ചു കേൾപ്പിക്കുകയാണ്.

ഇപ്പോൾ നിങ്ങൾ അനുഭവികളാണ്, നിങ്ങൾക്ക് അറിയാം നമ്മൾ 84 ജന്മങ്ങളുടെ ചക്രത്തിലേക്ക് എങ്ങനെയാണ് വരുന്നത്. ഡ്രാമയിൽ ഓരോ കാര്യവും അതിന്റെ സമയത്താണ് നടക്കുന്നത്. ഈ അച്ഛൻ കുട്ടികളോട്, ആത്മാക്കളോടാണ് സംസാരിക്കുന്നത്, ഞാൻ ഈ മുഖത്തിലൂടെയാണ് സംസാരിക്കുന്നത്. നിങ്ങൾ ആത്മാക്കൾ ഈ കാതുകളിലൂടെയാണ് കേൾക്കുന്നത്. ഞാൻ ബാബയുടെ പരിചയമാണ് നൽകുന്നത്, ഞാൻ ആത്മാവാണ്. ഇത് എത്ര സഹജമായി മനസ്സിലാക്കി കൊടുക്കാൻ കഴിയും. നിങ്ങൾ ആത്മാക്കൾ ഒരു ശരീരം ഉപേക്ഷിച്ച് മറ്റൊന്ന് എടുക്കും. ആത്മാവ് 84 ജന്മങ്ങൾ പൂർത്തിയാക്കി കഴിഞ്ഞു. ഇപ്പോൾ ബാബ പറയുകയാണ് അഥവാ പരമാത്മാവ് സർവ്വവ്യാപി ആണെങ്കിൽ ജീവ പരമാത്മാവ് എന്ന് പറയൂ. ജീവാത്മാവ് എന്ന് എന്തിനാണ് പറയുന്നത്? ഈ ആത്മാവിനോടാണ് സംസാരിക്കുന്നത്. എന്റെ സഹോദര ആത്മാക്കൾ മനസ്സിലാക്കുന്നുണ്ട് 5000 വർഷങ്ങൾക്ക് മുമ്പത്തേത്തു പോലെ ഞാൻ ബാബയുടെ സന്ദേശം നൽകുകയാണ്. ബാബ പറയുകയാണ് എന്നെ ഓർമ്മിക്കൂ. ഇത് ദു:ഖധാമമാണ്. സത്യയുഗമാണ് സുഖധാമം. അല്ലയോ ആത്മാക്കളേ, നിങ്ങൾ സുഖധാമത്തിൽ ആയിരുന്നല്ലോ. നിങ്ങളാണ് 84 ജന്മങ്ങളുടെ ചക്രം കറങ്ങിയത്. സതോപ്രധാനത്തിൽ നിന്നും സതോ, രജോ തമോവിലേക്ക് തീർച്ചയായും വരണം. ഇപ്പോൾ വീണ്ടും കൃഷ്ണപുരിയിലേക്ക് പോകണം.അവിടെ ഏത് പദവിയിലേക്ക് പോകണം? മഹാരാജാവ് മഹാറാണിയാകുമോ അതോ ദാസനും ദാസിയുമാകുമോ? ഇങ്ങനെയെല്ലാം ആത്മാക്കളോട് സംസാരിക്കണം. ഉന്മേഷം ഉണ്ടായിരിക്കണം. ഞാൻ പരമാത്മാവാണ് എന്നതല്ല. പരമാത്മാവ് ജ്ഞാന സാഗരനാണ്. ബാബ ഒരിക്കലും അജ്ഞാനത്തിന്റെ സാഗരനാകുന്നില്ല. ജ്ഞാനത്തിന്റേയും അജ്ഞാനത്തിന്റേയും സാഗരമായി തീരുന്നത് നമ്മളാണ്. ബാബയിൽ നിന്നും ജ്ഞാനം എടുത്ത് മാസ്റ്റർ ജ്ഞാന സാഗരമാവുകയാണ്, വാസ്തവത്തിൽ സാഗരം ഒരു ബാബ മാത്രമാണ്. ബാക്കി എല്ലാവരും നദികളാണ്. വ്യത്യാസമുണ്ടല്ലോ. ആത്മാവ് വിവേകശൂന്യമാകുമ്പോഴാണ് ജ്ഞാനം നൽകുന്നത്. സ്വർഗ്ഗത്തിൽ ആർക്കും ഇതൊന്നും മനസ്സിലാക്കി കൊടുക്കുകയില്ല. ഇവിടെ എല്ലാവരും വിവേകശൂന്യരും പതിതരും ദു:ഖികളുമാണ്. നല്ല രീതിയിൽ ഈ ജ്ഞാനം ദരിദ്രരാണ് കേൾക്കുന്നത്. ധനവാന്മാർ തന്റെ ലഹരിയിലാണ് ജീവിക്കുന്നത്. അവരിൽ നിന്നും ചിലർ വരും. രാജാവായ ജനകൻ എല്ലാം നൽകി. ഇവിടെ എല്ലാവരും ജനകനാണ്. ജീവന്മുക്തിക്കു വേണ്ടി ജ്ഞാനം കേൾക്കുകയാണ്. അതിനാൽ ഞാൻ ആത്മാവാണ് എന്നത് ഉറപ്പിക്കണം. ബാബാ ഞങ്ങൾ അങ്ങയോട് നന്ദി പറയുകയാണ്. ഡ്രാമയനുസരിച്ച് അങ്ങേക്ക് സമ്പത്ത്

നൽകുക തന്നെ വേണം. ഞങ്ങൾക്ക് കുട്ടികളായി മാറണം, ഇതിൽ എന്തിനാണ് നന്ദി പറയുന്നത്. ഞങ്ങൾക്ക് അങ്ങയുടെ അവകാശിയായി മാറുക തന്നെ വേണം, ഇതിൽ നന്ദിയുടെ എന്തു കാര്യമാണ് ഉള്ളത്. ബാബ സ്വയം വന്ന് മനസ്സിലാക്കി തന്ന് യോഗ്യരാക്കുകയാണ്, ഭക്തി മാർഗ്ഗത്തിൽ മഹിമ പാടുമ്പോൾ അതിൽ നന്ദി എന്ന് ശബ്ദം പറയാറുണ്ട്. ബാബക്ക് തന്റെ കടം നിറവേറ്റുക തന്നെ വേണം. സ്വർഗ്ഗത്തിലേക്കുള്ള വഴി പറഞ്ഞു തരണം. ഡ്രാമയനുസരിച്ച് ബാബക്ക് വന്ന് രാജയോഗം പഠിപ്പിക്കണം, സമ്പത്ത് നൽകണം. പിന്നെ ആരെല്ലാം എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ അതിനനുസരിച്ച് സ്വർഗ്ഗത്തിലേക്ക് വരും. ബാബ അയക്കും എന്നല്ല. എത്രത്തോളം പുരുഷാർത്ഥം ചെയ്യുന്നോ സ്വതവെ അവിടേക്ക് വരും. ബാക്കി ഇതിൽ നന്ദിയുടെ കാര്യമൊന്നുമില്ല. ഇപ്പോൾ നിങ്ങൾ അത്ഭുതപ്പെടുന്നുണ്ടാകും ബാബ എന്തു കളി യാണ് ചെയ്തത്. മുമ്പ് ഒന്നും അറിയുമായിരുന്നില്ല, ഇപ്പോഴറിയാം. ബാബാ ഞങ്ങൾ വീണ്ടും ഈ ജ്ഞാനം മറക്കുമോ? അതെ, കുട്ടികളേ, എന്റെയും നിങ്ങളുടേയും ബുദ്ധിയിൽ നിന്നും ഈ ജ്ഞാനം പ്രായ ലോപ മാകും. പിന്നെ സമയത്ത് ഓർമ്മ വരും, വീണ്ടും ജ്ഞാനം കേൾപ്പിക്കും. ഇപ്പോൾ ഞാൻ നിർവ്വാണ ധാ മത്തിലേക്ക് തിരിച്ച് പോകും. പിന്നെ ഭക്തി മാർഗ്ഗത്തിലും ഞാൻ പാർട്ട് അഭിനയിക്കും. ആത്മാവിൽ സ്വതവെ ആ സംസ്ക്കാരം വന്നു ചേരും. ഞാൻ കല്പത്തിനു ശേഷം വീണ്ടും ഈ ശരീരത്തിലേക്ക് വരും, ഇത് ബുദ്ധിയിൽ ഉണ്ടാകും. എങ്കിലും നിങ്ങൾക്ക് ദേഹിഅഭിമാനിയായി കഴിയണം. മുഖ്യമായ കാര്യം ഇതാണ്. ബാബയേയും സമ്പത്തിനേയും ഓർമ്മിക്കണം. കല്പകല്പം നിങ്ങൾ സമ്പത്ത് നേടും, പുരുഷാർത്ഥത്തിന് അനുസരിച്ച് നേടും. എത്ര സഹജമായി മനസ്സിലാക്കി തരുകയാണ്. ബാക്കി ഈ ലക്ഷ്യത്തിലൂടെ നടക്കുന്നതിൽ ഗുപ്തമായ പരിശ്രമം ഉണ്ട്.

ആദ്യമാദ്യം ആത്മാവ് വരുമ്പോൾ പുണ്യാത്മാവായി സതോപ്രധാനമായിരിക്കും, പിന്നെ ആത്മാവിന് പാപാ ത്മാവാകണം, തീർച്ചയായും തമോപ്രധാനമാകണം. ഇപ്പോൾ വീണ്ടും നിങ്ങൾക്ക് തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാകണം. എന്നെ ഓർമ്മിക്കൂ എന്ന സന്ദേശവും ബാബ നൽകിയിരിക്കുകയാണ്. മുഴുവൻ രചനകൾക്കും സമ്പത്ത് ലഭിക്കുകയാണ്. സർവ്വരുടേയും സദ്ഗതി ദാതാവാണല്ലോ. സർവ്വ രോടും ദയ കാണിക്കുന്നവരാണ്. സത്യയുഗത്തിൽ ഒരു ദു:ഖവും ഉണ്ടാകില്ല. ബാക്കി എല്ലാ ആത്മാ ക്കളും ശാന്തിധാമത്തിൽ പോയി ഇരിക്കും. നിങ്ങൾ കുട്ടികൾക്ക് അറിയാം ഇത് കണക്കെടുപ്പിന്റെ സമയ മാണ്. ദു:ഖത്തിന്റെ കർമ്മകണക്കുകളെ തീർക്കണം, അതും യോഗബലത്തിലൂടെ ചെയ്യണം. പിന്നെ ജ്ഞാനത്തിലൂടെ യോഗബലത്തിലൂടെ ഭാവിയിലേക്ക് സുഖത്തിന്റെ കണക്കും ഉണ്ടാക്കണം. എത്ര സമ്പാ ദിക്കുന്നോ അത്രയും സുഖമുണ്ടാകും അത്രയും ദു:ഖം ഇല്ലാതാകും. ഇപ്പോൾ നമ്മൾ കല്പത്തിന്റെ സംഗമത്തിൽ വന്ന് ദു:ഖത്തിന്റെ കണക്ക് ഇല്ലാതാക്കുകയാണ് അതോടൊപ്പം മറുഭാഗത്ത് സമ്പാദിക്കു കയും ചെയ്യുന്നുണ്ട്. ഇത് വ്യാപാരമാണ്. ബാബ ജ്ഞാന രത്നങ്ങൾ നൽകി കൊണ്ടിരിക്കുകയാണ്. ഓരോ രത്നവും ലക്ഷകണക്കിനു രൂപയുടെ വിലയുള്ളതാണ്, ഇതിലൂടെ നിങ്ങൾ ഭാവിയിലേക്ക് സദാ സുഖമുള്ളവരാകും. ഇത് ദു:ഖധാമമാണ്, അത് സുഖധാമമാണ്. സ്വർഗ്ഗത്തിൽ സദാ സുഖം തന്നെ സുഖ മായിരിക്കും എന്നത് സന്യാസിമാർക്ക് അറിയില്ല. ഗീതയിലൂടെ ഭാരതത്തെ ഉയർന്നതാക്കി മാറ്റുന്നത് ബാബയാണ്. മനുഷ്യർ എത്രയാണ് ശാസ്ത്രങ്ങളെല്ലാം കേൾപ്പിക്കുന്നത്. പക്ഷെ ലോകം പഴയതാകണം. ദേവതകൾ ആദ്യം പുതിയ സൃഷ്ടിയിൽ രാമരാജ്യത്തിലായിരുന്നു. ഇപ്പോൾ ദേവതകളില്ല. എവിടെ പോയി? 84 ജന്മങ്ങൾ ആരാണ് അനുഭവിച്ചത്? വേറെയാരുടേയും 84 ജന്മങ്ങളുടെ കണക്ക് എടുക്കാൻ കഴിയുക യില്ല. ദേവതാ ധർമ്മത്തിൽ ഉള്ളവർക്കാണ് ഇത്രയും ജന്മങ്ങളുള്ളത്. ലക്ഷ്മി നാരായണനെല്ലാം ഭഗവാ നാണ് എന്നാണ് മനസ്സിലാക്കുന്നത്. എവിടെ നോക്കിയാലും അങ്ങു തന്നെയാണ് ഉള്ളത്. ഭഗവാൻ സർവ്വ വ്യാപി ആണെന്ന ജ്ഞാനത്തിലൂടെ സന്തോഷിക്കുകയാണോ? ഈ സർവ്വവ്യാപി എന്ന ജ്ഞാനം പഠിച്ചു വന്നതാണ്, എങ്കിലും ഭാരതത്തിന് ദരിദ്രമാകണം, നരകമാകണം. ഭഗവാന് ഭക്തിയുടെ ഫലം നൽകണം. സ്വയം സാധന ചെയ്യുന്ന സന്യാസി എന്തു ഫലം നൽകാനാണ്. മനുഷ്യന് സദ്ഗതി ദാതാവാകാൻ കഴി യുകയില്ല. ആരെല്ലാം ഈ ധർമ്മത്തിലുണ്ടോ അവർ വരും. ഇങ്ങനെ ധാരാളം പേർ സന്യാസ ധർമ്മത്തി ലേക്കും പോയിട്ടുണ്ട്, അവരും വരും. ഇതെല്ലാം മനസ്സിലാക്കാനുള്ള കാര്യങ്ങളാണ്.

ബാബ മനസ്സിലാക്കി തരുകയാണ് ഞാൻ ആത്മാവാണെന്ന അഭ്യാസം ചെയ്യണം. ആത്മാവുള്ളത് കൊണ്ടാണ് ശരീരം നിൽക്കുന്നത്. ശരീരം നശിക്കും, ആത്മാവ് അവിനാശിയാണ്. പാർട്ട് മുഴുവനും ഈ ചെറിയ ആത്മാവിലാണ് ഉള്ളത്. എത്ര അത്ഭുതമാണ്. ശാസ്ത്രത്തിന് ഇത് മനസ്സിലാകില്ല. ഒരിക്കലും നശ ിക്കാത്ത അനാദിയായ പാർട്ട് ആത്മാവിലുണ്ട്. ആത്മാവ് അവിനാശിയാണെങ്കിൽ പാർട്ടും അവിനാശി ആയിരിക്കുമല്ലോ. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം:-**

1) കല്പത്തിന്റെ സംഗമത്തിൽ യോഗബലത്തിലൂടെ ദു:ഖത്തിന്റെ കണക്കിനെ ഇല്ലാതാക്കണം. പുതിയ സമ്പാദ്യം ഉണ്ടാക്കണം. ജ്ഞാന രത്നങ്ങളെ ധാരണ ചെയ്ത് ഗുണവാനാകണം.

2) ഞാൻ ആത്മാവാണ്, ആത്മാവാകുന്ന സഹോദരനോടാണ് സംസാരിക്കുന്നത്, ശരീരം നശിക്കുന്നതാണ്. ഞാൻ എന്റെ സഹോദരാത്മാവിനാണ് ജ്ഞാനം കേൾപ്പിക്കുന്നത്, ഈ അഭ്യാസം ഉണ്ടായിരിക്കണം.

## വരദാനം:- ശുഭഭാവനയും ശ്രേഷ്ഠ ഭാവവും മുഖേന സർവ്വരുടെയും പ്രിയപ്പെട്ടവരായി മാറി വിജയമാലയിൽ കോർക്കപ്പെടുന്ന വിജയിയായി ഭവിക്കട്ടെ.

ആരെങ്കിലും ഏതെങ്കിലും ഭാവത്തിലൂടെ പറഞ്ഞാലും നടന്നാലും താങ്കൾ സദാ ഓരോരുത്തരെ പ്രതിയും ശുഭഭാവം, ശ്രേഷ്ഠ ഭാവം ധാരണ ചെയ്യൂ, ഇതിൽ വിജയിയാകൂ എങ്കിൽ മാലയിൽ കോർക്കപ്പെടുന്നതിന്റെ അധികാരിയായി മാറും, എന്തുകൊണ്ടെന്നാൽ സർവ്വരുടെയും പ്രിയപ്പെട്ടവരാകുന്നതിനുള്ള മാർഗ്ഗം തന്നെ സംബന്ധ- സമ്പർക്കത്തിൽ ഓരോരുത്തരെയും പ്രതി ശ്രേഷ്ഠ ഭാവം ധാരണ ചെയ്യുക എന്നതാണ്. അങ്ങനെയുള്ള ശ്രേഷ്ഠ ഭാവമുള്ളവർ സദാ എല്ലാവർക്കും സുഖം കൊടുക്കും, സുഖം എടുക്കും. ഇതും സേവനമാണ്, അതുപോലെ ശുഭഭാവന മനസാ സേവനത്തിനുള്ള ശ്രേഷ്ഠ മാർഗ്ഗമാണ്. അതിനാൽ അങ്ങനെയുള്ള സേവനം ചെയ്യുന്നവർ വിജയീമാലയിലെ മുത്തായി മാറുന്നു.

## സ്ലോഗൻ:- കർമ്മത്തിൽ യോഗത്തിന്റെ അനുഭവം ചെയ്യുക തന്നെയാണ് കർമ്മയോഗിയാകുക.